LIBRARY ARCHIVES Kerala Legislative Assembly

ഭക്തിയും വിശ്വാസവും രാഷ്ട്രീയനേട്ടത്തിനായി

205 (3716) ശ്രീ. എം. എ. ബേബി :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളുടെ ഭക്തിയും വിശ്വാസവും രാഷ്ട്രീയനേട്ടത്തിനായി ദുരുപയോഗപ്പെടുത്തുന്നതായ സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനായി ചില വർഗ്ഗീയ സംഘടനകൾ സംസ്ഥാനത്ത് നടത്തി വരുന്ന ശ്രമങ്ങളും ആസൂത്രണങ്ങളും തിരിച്ചറിഞ്ഞിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശ്ശിക്കുന്ന നടപടികൾ വെളിപ്പെടുത്തുമോ ;

(സി) വർഗീയവാദത്തിനും മതജാതി യാഥാസ്ഥിതികത്വത്തിനും അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരായി പുരോഗതി പ്രാപിച്ച കേരളത്തിൽ മതനിരപേക്ഷതയുടേയും പുരോഗതിയുടേയും മൂല്യങ്ങൾ വെല്ലുവിളിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ജാതീയതയും മതവർഗ്ഗീയതയും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പുനരുജ്ജീവിപ്പിക്കപ്പെടാതിരിക്കാൻ സ്വീകരിക്കുന്ന നടപടി വിശദമാക്കുമോ ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) മതവർഗ്ഗീയ സ്പർദ്ധകൾ ഉണ്ടാകാതിരിക്കാനും എല്ലാ വിഭാഗങ്ങളും തമ്മിലുള്ള ഐക്യം ശക്തിപ്പെടുത്തുന്നതിനും അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളേയും ഇല്ലായ്മ ചെയ്യുന്നതിനും കെട്ടുറപ്പുള്ള ഒരു മതേതര സമൂഹത്തെ നിലനിർത്തുന്നതിനും ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്.

ആഭ്യന്തര വകുപ്പിന്റെ പദ്ധതികൾ

206 (3717) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ ആരംഭിച്ച ക്ലീൻ കാമ്പസ്, സേഫ് കാമ്പസ്, ബിഗ് ഡാഡി, ഓപ്പറേഷൻ കുബേര തുടങ്ങി വിവിധയിനം അന്വേഷണങ്ങൾക്കായി പ്രഖ്യാപിച്ച പദ്ധതികൾ എന്തെല്ലാം എന്നും, ഓരോ അന്വേഷണപ്രക്രിയകളിലും

എത്ര കേസ്സുകൾ നാളിതുവരെ രജിസ്റ്റർ ചെയ്തു, എത്രകേസ്സുകളിൽ പ്രതികളെ പിടികൂടി ,എത്ര കേസ്സുകളിൽ പ്രതികളെ പിടികൂടാനുണ്ട് എന്നിവയുടെ വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഓരോ പദ്ധതിക്കായി നിയോഗിച്ച ഉദ്യോഗസ്ഥർ ആരെല്ലാം എന്നും കാര്യക്ഷമതയില്ലാത്തവരായി കണ്ടെത്തിയ ഉദ്യോഗസ്ഥർ ആരെല്ലാം എന്നും, അവരുടെ പേരിൽ എന്ത നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ വഴി സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ കുറയ്ക്കുവാൻ കഴിഞ്ഞുവോ; കഴിഞ്ഞ നാലര വർഷത്തെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്തു നടന്ന ചുംബന സമരം കൃത്യമായി ആഭ്യന്തര വകുപ്പ പരിശോധിച്ചിരുന്നു എങ്കിൽ ഓൺലൈൻ പെൺവാണിഭക്കാരെ അന്നുതന്നെ കണ്ടെത്താമായിരുന്നു എന്ന് കരുതുന്നുണ്ടോ;

(ഇ) എങ്കിൽ ഇത്തരം കുറ്റകൃത്യങ്ങൾ സംസ്ഥാനത്തു പെരുകുന്നത് തടയുന്നതിനായി ആഭ്യന്തര വകുപ്പിന്റെ കൃത്യസമയത്തുള്ള ഇടപെടൽ ഉറപ്പുവരുത്താൻ എന്ത നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതിയിൽ നാളിതുവരെ 13232 കേസ്സുകൾ രജിസ്റ്റർ ചെയ്തു. 13216 കേസ്സുകളിൽ പ്രതികളെ പിടികൂടി, 16 കേസ്സുകളിൽ പ്രതികളെ പിടികൂടാൻ ബാക്കിയുണ്ട്. ബിഗ് ഡാഡി പദ്ധതിയിൽ ഇതുവരെ നാല് കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 37 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നാല് കേസ്സുകളിൽ അന്വേഷണം നടന്നുവരുന്നതിനാൽ അറസ്റ്റ് ചെയ്യാനുള്ളവരുടെ കൃത്യമായ കണക്ക് ലഭ്യമല്ല. ഓപ്പറേഷൻ കുബേര പദ്ധതിയിൽ നാളിതുരെ 3561 കേസ്സുകൾ രജിസ്റ്റർ ചെയ്തു. 2616 കേസ്സുകളിൽ പ്രതികളെ പിടികൂടി, 545 കേസ്സുകളിൽ പ്രതികളെ പിടികൂടാനുണ്ട്. വിശദാംശം അനുബന്ധം I ആയി* ചേർത്തിരിക്കുന്നു.

(ബി) ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്, ഓപ്പറേഷൻ കുബേര, ഓപ്പറേഷൻ ബിഗ് ഡാഡി എന്നീ പദ്ധതികൾക്കായി നിയോഗിച്ച ഉദ്യോഗസ്ഥരുടെ വിശദാംശം അനുബന്ധം 2 ആയി* ചേർത്തിരിക്കുന്നു. കാര്യക്ഷമതയില്ലാത്തവരായി കണ്ടെത്തിയ ഉദ്യോഗസ്ഥർ ആരുമില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതികൾ വഴി സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. യഥാസമയം കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും പ്രതികളെ പിടികൂടുകയും ചെയ്യുന്നതിനാൽ കുറ്റകൃത്യങ്ങൾ കുറഞ്ഞുവരുന്നു.

(ഡി) സംസ്ഥാനത്ത് നടന്ന ചുംബനസമരം നിമിത്തമുണ്ടായ ക്രമസമാധാന പ്രശ്നങ്ങൾ സമയോചിതമായി പരിഹരിക്കാൻ പോലീസിന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ പ്രസ്തുത സമരം നടന്ന സമയത്ത് ചുംബനസമരത്തിന് നേതൃത്വം നൽകിയവരിൽ ചിലർ ഓൺലൈൻ പെൺവാണിഭത്തിൽ ഏർപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിരുന്നില്ല. കൂടാതെ ചുംബന സമരനേതാക്കളെ പെൺവാണിഭ കേസ്സിൽ അറസ്റ്റ് ചെയ്യുവെങ്കിലും ചുംബന സമരക്കാരെ അറസ്റ്റ് ചെയ്യുവാൻ വേണ്ടിയല്ല ഓപ്പറേൻ ബിഗ് ഡാഡി ആരംഭിച്ചത്.

(ഇ) ഇത്തരം കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കുന്നതിനൊപ്പം ഇത്തരം കുറ്റകൃത്യങ്ങൾ നടക്കുന്നുണ്ടോയെന്ന് സൈബർ സെല്ലുകളും സൈബർ പോലീസ് സ്റ്റേഷനും ഹൈടെക് സെല്ലും കർശന നിരീക്ഷണം തടത്തിവരികയും ചെയ്യുന്നു.

ട്രാഫിക് ലംഘനത്തിന്റെ പേരിൽ കെ.എസ്.ആർ.ടി.സി. വാഹനങ്ങളിൽ നിന്ന് ഈടാക്കിയ തുക

207 (3718) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാഫിക് ലംഘനത്തിന്റെ പേരിൽ കെ.എസ്.ആർ.ടി.സി വാഹനങ്ങളിൽ നിന്ന് എത്ര തുക ഈ സർക്കാർ അധികാരത്തിൽ വന്നത് മുതൽ ഈടാക്കിയിട്ടുണ്ട്;

(ബി) ഇതിൽ മദ്യപിച്ച് വാഹനമോടിച്ച എത്ര കേസ്സുകൾ പിടികൂടി; ഇവരിൽ നിന്ന് മാത്രമായി എത്ര തുക ഈടാക്കി;

(സി) മദ്യപിച്ച് വാഹനമോടിക്കുന്ന ഡ്രൈവർമാരെ കണ്ടെത്തി കർശന നടപടിക്ക് നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) 2,94,150 രൂപ ഈടാക്കിയിട്ടുണ്ട്.

(ബി) മദ്യപിച്ച് വാഹനമോടിച്ച 34 കേസ്സുകൾ പിടികൂടുകയും ഇവരിൽ നിന്ന് മാത്രമായി 11,750 രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(സി) മദ്യപിച്ച് വാഹനമോടിക്കുന്ന ഡ്രൈവർമാരെ കണ്ടെത്തി അവർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ബസ് സ്റ്റാൻഡുകൾ

LIBRARY ARCHIVES Kerala Legislative Assembly